ഉത്തരം

(എ) ഇത്തരം പരിശീലനം ഫയർ സർവ്വീസ് ജീവനക്കാർക്ക് നൽകിവരുന്നില്ല. നീന്താനറിയാവുന്നവർ മിക്ക സ്റ്റേഷനിലുമുണ്ട്.

(ബി) വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നതിനാവശ്യമായ ലൈഫ് ജാക്കറ്റും ലൈഫ് ബെൽറ്റും മിക്ക സ്റ്റേഷനുകളിലും നൽകിയിട്ടുള്ളതു പയോഗിച്ച് രക്ഷാപ്രവർത്തനങ്ങളും ഇപ്പോഴുള്ള ജീവനക്കാരെക്കൊണ്ട് ചെയ്യിക്കാനേ നിർവ്വാഹമുള്ളൂ.

(സി) സ്വീകരിക്കാവുന്ന നിർദ്ദേശമാണ്.

ഫയർ സർവീസുകാരുടേയും പോലീസുകാരുടേയും സേവന വേതന വ്യവസ്ഥകളിലെ തുല്യത

1217. [1654] ശ്രീ. കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസുകാർക്കും ഫയർ സർവ്വീസുകാർക്കും ശമ്പളത്തിലും മറ്റാനുകൂല്യങ്ങളിലും തുല്യത നിലവിലുണ്ടോ ;

(ബി) നാലാം ശമ്പള കമ്മീഷൻ ശുപാർശയിൽ ഈ തുല്യത നില നിർത്തിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ റിപ്പോർട്ട് നടപ്പിലാക്കുമ്പോഴെങ്കിലും തുല്യത നില നിർത്തുമോ ?

ഉത്തരം

(എ) ശമ്പള സ്കെയിലിൽ തുല്യതയുണ്ട്. മറ്റാനുകൂല്യങ്ങളിൽ തുല്യത നിലവിലില്ല.

(ബി) ഇല്ല.

(സി) ഇപ്പോഴും പറയുവാൻ നിർവ്വാഹമില്ല.

ചാലക്കുടിയിൽ അഗ്നിശമന യൂണിറ്റ്

1218. [1655] ശ്രീ. കെ. ജെ. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്നിശമന വകുപ്പു ചാലക്കുടിയിൽ ഒരു യൂണിറ്റ് സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് എന്നത്തേക്ക് നടപ്പിലാക്കും എന്ന് വിശദമാക്കുമോ ;

(സി) ഇല്ലെങ്കിൽ അതിനുവേണ്ട സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മുൻഗണനാ ലിസ്റ്റിൽ ഉണ്ട്.

(ബി) സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നത് അനുസരിച്ച് ഇത് നടപ്പിലാക്കുന്നതാണ്.

(സി) താൽക്കാലികമായി ഫയർസ്റ്റേഷൻ തുറന്നു പ്രവർത്തിക്കുവാൻ വേണ്ട സ്ഥലവും കെട്ടിടവും കിട്ടിക്കഴിഞ്ഞാൽ സ്റ്റേഷൻ തുടങ്ങാൻ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly